**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2881</u>** **<u>10-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>വന്യമൃഗ ആക്രമണത്തിൽ വീട് നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗ ആക്രമണത്തിൽ വീട് നാശം സംഭവിച്ചവർക്ക് നൽകിവരുന്ന നഷ്ടപരിഹാരം എത്രയാണെന്ന് അറിയിക്കുമോ; ഇത് കാലോചിതമായി വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | വന്യമൃഗ ആക്രമണത്തിൽ വീട് നാശം സംഭവിച്ചവർക്ക് നിലവിൽ 05.04.2018- ലെ സർക്കാർ ഉത്തരവ് (കൈ) നം. 17 /2018/വനം -ൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. ആയത് പ്രകാരം വീട് നാശം സംഭവിച്ചവർക്ക് കണക്കാക്കപ്പെടുന്ന തുകയുടെ നൂറ് ശതമാനം പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകിവരുന്നു.<br><br>വന്യജീവി ആക്രമണത്തിന്റെ ഇരകൾക്ക്, വീടു നാശം ഉൾപ്പടെയുള്ളതിന് നിലവിൽ നൽകുന്ന നഷ്ടപരിഹാര തകയും, ആയത് വിതരണം ചെയ്യുന്ന രീതിയും കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ